بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**14-11-2025**

# തബൂക്ക് യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറഃ ഫാതിഹ എന്നിവയുടെ പാരായണ ശേഷം, ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു തആലാ ബി നസ്രിഹിൽ അസീസ്) പറഞ്ഞു:

കഴിഞ്ഞ ഖുതുബകളിൽ നബിതിരുമേനി(സ)യുടെ യുദ്ധനീക്കങ്ങളെക്കുറിച്ചും ആ യുദ്ധങ്ങളിൽ പ്രകടമായ അവിടുത്തെ വ്യക്തിത്വത്തെക്കുറിച്ചും പരാമർശിച്ചിരുന്നു. അതിന്റെ തുടർച്ചയായി തബൂക്ക് യുദ്ധത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. അതിന്റെ കൂടുതൽ വിവരങ്ങൾ ഇപ്രകാരമാണ്. പ്രസ്തുത സന്ദർഭത്തിൽ ഒരു സ്ത്രീ വളരെയധികം ആത്മാർഥതയും വികാരാവേശവും പ്രകടിപ്പിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സൈന്യം സിറിയയിലേക്ക് പോകേണ്ടിയിരുന്നതിനാലും മുഅ്തയുദ്ധത്തിന്റെ രംഗം മുസ്‌ലീങ്ങളുടെ കൺമുമ്പിൽ ഉണ്ടായിരുന്നതിനാലും, ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിൽ ഉണ്ടായിരുന്ന ഏറ്റവും വലിയ ചിന്ത റസൂലുല്ലാഹ്(സ)യുടെ ജീവൻ സംരക്ഷിക്കുക ആയിരുന്നതിനാലും സ്ത്രീകൾ പോലും ഈ അപകടം തിരിച്ചറിയുകയും തങ്ങളുടെ ഭർത്താക്കന്മാരെയും മക്കളെയും യുദ്ധത്തിന് പോകാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

ഈ ആത്മാർഥതയുടെയും ആവേശത്തിന്റെയും ആഴവും വ്യാപ്തിയും ഇനിപ്പറയുന്ന സംഭവത്തിൽ നിന്നും മനസ്സിലാകും. ജോലിയാവശ്യാർഥം പുറത്തുപോയിരുന്ന ഒരു സ്വഹാബി നബിതിരുമേനി(സ)യുടെ സൈന്യത്തോടൊപ്പം മദീനയിൽ നിന്ന് അങ്കപ്പുറപ്പാടു നടത്തിയ ശേഷമാണ് മടങ്ങിയെത്തിയത്. ദീർഘകാലത്തെ വേർപാടിന് ശേഷം തന്റെ ഭാര്യയെ പോയി കാണാമെന്നും സന്തോഷിക്കാമെന്നും കരുതി അദ്ദേഹം വീട്ടിലേക്ക് പ്രവേശിച്ചു. ഭാര്യ മുറ്റത്ത് ഇരിക്കുന്നതായി കണ്ടപ്പോൾ അദ്ദേഹം അനുരാഗത്തോടെ മുന്നോട്ട് പോയി സ്നേഹം പ്രകടിപ്പിക്കാൻ ശ്രമിച്ചു. ഭാര്യയുടെ അടുത്തേക്ക് ചെന്നപ്പോൾ, അവർ ഇരുകൈകൾ കൊണ്ടും അദ്ദേഹത്തെ തള്ളി പിന്നോട്ട് മാറ്റി. എന്നിട്ടു പറഞ്ഞു: താങ്കൾക്ക് ലജ്ജയില്ലേ? അല്ലാഹുവിന്റെ ദൂതൻ അപകടകരമായ സ്ഥലത്തേക്ക് പോകുന്ന സമയത്ത് താങ്കൾക്ക് സ്വന്തം ഭാര്യയെ സ്നേഹിക്കാനായി വരാൻ എങ്ങനെ ധൈര്യം വന്നു! ആദ്യം പോയി താങ്കളുടെ കടമ നിർവഹിക്കൂ, അതുകഴിഞ്ഞിട്ടു

മതി മറ്റെന്തും. ആ സ്വഹാബി ഉടൻ തന്നെ വീട്ടിൽ നിന്ന് പുറത്തിറങ്ങി തന്റെ കുതിരയ്ക്കു ജീൻ കെട്ടി, മൂന്ന് യാത്രാഘട്ടങ്ങൾ താണ്ടി റസൂലുല്ലാഹ് (സ)യുടെ അടുത്തെത്തി. റസൂൽ കരീം (സ) തന്റെ മറ്റ് സ്വഹാബിമാരോടൊപ്പം മദീനയിലേക്ക് തിരിച്ചെത്തിയ ശേഷം മാത്രമാണ് അദ്ദേഹം വീട്ടിലേക്ക് മടങ്ങിയത്. ചുരുക്കത്തിൽ, ഇവർ ഓരോ അപകടഘട്ടത്തിലും തങ്ങളുടെ ജീവൻ ഒരു മടിയും കൂടാതെ അപകടത്തിലാക്കി. അവർക്കുണ്ടായ ഒരു ദുരിതത്തെയും പ്രയാസത്തെയും അവർ അപ്രകാരം കണക്കാക്കിയില്ല. മറിച്ച്, സേവനത്തിനുള്ള അവസരം കിട്ടുമ്പോഴെല്ലാം അവർ സസന്തോഷം തങ്ങളുടെ ജീവൻ സമർപ്പിക്കുകയുണ്ടായി.

ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ ഇതാണ്, പതിനഞ്ച് അല്ലെങ്കിൽ ചില റിപ്പോർട്ടുകൾ പ്രകാരം പത്തൊമ്പത് കേന്ദ്രങ്ങളിൽ തങ്ങി റസൂൽ (സ) തന്റെ സ്വഹാബിമാരോടൊപ്പം തബൂക്കിൽ എത്തിച്ചേർന്നു. തബൂക്കിലേക്കുള്ള ഈ യാത്രയിൽ എവിടെയെല്ലാം തങ്ങി എന്നതിന്റെ പ്രത്യേക വിശദാംശങ്ങൾ ലഭ്യമല്ല. എങ്കിലും പിന്നീട് ആ സ്ഥലങ്ങളിൽ പള്ളികൾ നിർമിക്കപ്പെടുകയും ആ സ്ഥലങ്ങളുടെ പേരുകളിൽ പള്ളികൾ നാമകരണം ചെയ്യപ്പെടുകയും ചെയ്തപ്പോൾ ആ സ്ഥലങ്ങളിൽ റസൂൽ (സ) തങ്ങിയിരിക്കാം എന്ന് ചരിത്രകാരന്മാർ വ്യാഖ്യാനിച്ചു.

ഒരു റിപ്പോർട്ടിൽ ഹദ്‌റത്ത് ഉഖ്ബ ഇബ്നു ആമിർ (റ) വിവരിക്കുന്നു: ഞങ്ങൾ തബൂക്ക് യുദ്ധത്തിൽ റസൂലുല്ലാഹ്(സ)യുടെ കൂടെ പുറപ്പെട്ടു. ഒരു രാത്രി റസൂലുല്ലാഹ്(സ) ഉറങ്ങി. യാത്ര വളരെ ദൈർഘ്യമുള്ളതായിരുന്നു. ക്ഷീണമുണ്ടായിരുന്നു. അവിടുന്ന് ഉണർന്നപ്പോൾ സൂര്യൻ ഒരു മുഴം ഉയർന്നിരുന്നു. നബിതിരുമേനി (സ) പറഞ്ഞു: ഓ ബിലാൽ! താങ്കൾ ഞങ്ങൾക്ക് വേണ്ടി ഫജ്റിനായി കാത്തിരിക്കണമെന്ന് ഞാൻ താങ്കളോട് പറഞ്ഞിരുന്നില്ലേ? ഉണർന്നിരിക്കാനും ഞങ്ങളെ ഉണർത്താനും പറഞ്ഞിരുന്നു. ഹദ്‌റത്ത് ബിലാൽ (റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, താങ്കളെപ്പോലെ എന്നെയും ഉറക്കം കീഴ്പ്പെടുത്തി. നിവേദകൻ പറയുന്നു: റസൂൽ കരീം (സ) സൈന്യത്തോട് പുറപ്പെടാൻ കൽപ്പിച്ചു. കുറച്ച് ദൂരം സഞ്ചരിച്ച ശേഷം വാഹനത്തിൽ നിന്നിറങ്ങി സുന്നത്തു നമസ്കരിക്കുകയും ഇമാമായി നിന്ന് സ്വഹാബിമാരോടൊപ്പം നമസ്കരിക്കുകയും ചെയ്തു. അതിനുശേഷം അവിടുന്ന് രാവും പകലും സഞ്ചരിച്ചു. അടുത്ത ദിവസം രാവിലെ തബൂക്കിൽ എത്തിച്ചേർന്നു. അവിടെയെത്തിയ ശേഷം അവിടുന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. 'അല്ലാഹുവേ, എനിക്കും എന്റെ സമുദായത്തിനും പൊറുത്തുതരേണമേ.' അവിടുന്ന് ഇത് മൂന്ന് തവണ ആവർത്തിച്ചു. എന്നിട്ട് ജനങ്ങളോട് പറഞ്ഞു: ഞാൻ എനിക്കും നിങ്ങൾക്കും വേണ്ടി അല്ലാഹുവോട് പാപമോചനം തേടുന്നു.

തദവസരത്തിൽ ഹെരാക്ലിയസ് ചക്രവർത്തിക്ക് (സീസർ) ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തയച്ചതിന്റെ പരാമർശവുമുണ്ട്. ഹെരാക്ലിയസിന് ലഭിച്ചപ്പോൾ അദ്ദേഹം അത് വായിച്ചു. എന്നിട്ട് പറഞ്ഞു: താങ്കൾ താങ്കളുടെ പ്രവാചകന്റെ അടുത്തേക്ക് പോയി പറയുക, ഞാൻ അദ്ദേഹത്തെ പിന്തുടരുന്നു. എന്നാൽ എന്റെ സാമ്രാജ്യം ഉപേക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അയാൾ കുറച്ച് ദീനാറുകൾ (സ്വർണ നാണയങ്ങൾ) പ്രവാചക സമക്ഷത്തിലേക്ക് അയച്ചു. ആ വ്യക്തി തിരിച്ചു വന്ന് നബിതിരുമേനി(സ)യോട് ഇത് അറിയിച്ചു. അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: അദ്ദേഹം പറഞ്ഞത് കളവാണ്. അദ്ദേഹം സത്യസന്ധമായി സംസാരിച്ചില്ല. എന്നിട്ട് അവിടുന്ന് ആ ദീനാറുകൾ ജനങ്ങൾക്കിടയിൽ വിതരണം ചെയ്തു.

ചരിത്രത്തിൽ ഐലത്തുകാരുമായി സന്ധി ചെയ്തതിനെക്കുറിച്ചുള്ള പരാമർശമുണ്ട്. അദ്ദേഹത്തോടൊപ്പം സിറിയ, യമൻ, ബഹർ, ജർബാഅ്, അദ്റുഹ് എന്നിവിടങ്ങളിലുള്ളവരും വന്നു. അവരും സന്ധിക്ക് അപേക്ഷിച്ചു. റസൂലുല്ലാഹ്(സ) അവർക്കായി ഒരു അഭയ പത്രിക എഴുതി നല്കി. തുടർന്ന് ജൂതന്മാരായ മഖ്നാഅ് നിവാസികളുമായി സമാധാന കരാറുണ്ടായി. അവിടുന്ന് അവർക്കും ഒരു

അഭയപത്രിക എഴുതി നല്കി:
തബൂക്ക് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഒരു സൈനിക നടപടിയെക്കുറിച്ചും (സരിയ്യ) പരാമർശമുണ്ട്. ഇത് ഉകൈദർ ബിൻ അബ്ദുൽ മലക്കിനെതിരെ ഖാലിദ് ബിൻ വലീദ് (റ) നയിച്ച പട നീക്കം എന്നറിയപ്പെടുന്നു. തബൂക്കിൽ നിന്ന് 400 കിലോമീറ്റർ അകലെയായിരുന്നു ഈ കോട്ട. ഉകൈദർ, ബനൂകിന്ദ ഗോത്രക്കാരനായിരുന്നു. ക്രിസ്ത്യാനിയായ അയാൾ അവിടുത്തെ രാജാവായിരുന്നു. റസൂലുല്ലാഹ്(സ) ഹദ്റത്ത് ഖാലിദിനോട് പറഞ്ഞു: നിങ്ങൾ അവനെ രാത്രിയിൽ കാണും. അവൻ കാട്ടുപോത്തിനെ വേട്ടയാടുകയായിരിക്കും. അപ്പോൾ നിങ്ങൾ അവനെ പിടികൂടുക. തുടർന്നു പറഞ്ഞു: ‘അല്ലാഹു നിങ്ങൾക്ക് ദൂമത്തുൽ ജന്ദൽ കീഴടക്കിത്തരും. നിങ്ങൾ ആ പ്രദേശം കീഴടക്കുകയാണെങ്കിൽ അവിടെയുള്ള രാജാവിനെ കൊല്ലരുത്. പകരം എന്റെ അടുത്തേക്ക് കൊണ്ടുവരുക. എന്നാൽ അവൻ വിസമ്മതിച്ച് സംഘട്ടനം ചെയ്യുകയാണെങ്കിൽ അവനെ കൊന്നേക്കുക.’ അക്കാര്യം പാലിക്കപ്പെടുകയുണ്ടായി.
തബൂക്കിൽ വച്ച് സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലാഹ് ദുൽബിജാദൈന്റെ വിയോഗത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ഖബറടക്കത്തെക്കുറിച്ചും പരാമർശമുണ്ട്. ഇത് കണ്ടപ്പോൾ ചില മുതിർന്ന സ്വഹാബിമാർ ആ ഖബറടക്കപ്പെട്ട വ്യക്തിയുടെ സ്ഥാനത്ത് തങ്ങളായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു.
ഈ യാത്രയിൽ ഹദ്റത്ത് മുആവിയ ഇബ്നു മുആവിയ അൽമുസനി (റ)യുടെ ജനാസ നമസ്കാരത്തെക്കുറിച്ചും പരാമർശമുണ്ട്. ഹദ്റത്ത് അനസ് ബിൻ മാലിക് (റ) പറയുന്നു: റസൂലുല്ലാഹ്(സ) തബൂക്കിലായിരിക്കുമ്പോൾ ജിബ്രീൽ (അ) ഹാജരായിക്കൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ് (സ), മുആവിയ മുസനി മദീനയിൽ വച്ച് വഫാത്തായിരിക്കുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുക. അങ്ങനെ ജാഗ്രതാദർശനത്തിൽ (കശ്ഫ്), അദ്ദേഹത്തിന്റെ മയ്യിത്ത് കിടത്തിയിരുന്ന കട്ടിൽ വായുവിൽ ഉയർത്തപ്പെട്ടു. അത് നബിതിരുമേനി (സ)യുടെ കൺമുമ്പിലെത്തി. അവിടുന്ന് മയ്യിത്ത് നമസ്കാരം നിർവഹിച്ചു. അവിടുത്തെ മുന്നിൽ മലക്കുകളുടെ അണികളും ഉണ്ടായിരുന്നു. നബിതിരുമേനി (സ) ജിബ്രീൽ (അ) നോട് ചോദിച്ചു: ഇദ്ദേഹത്തിന് ഈ പദവി എങ്ങനെ ലഭിച്ചു? ജിബ്രീൽ (അ) മറുപടി നല്കി: സൂറഃ ഖുൽ ഹുവല്ലാഹു അഹദിനോടുള്ള സ്നേഹം കാരണമാണത്. അദ്ദേഹം ഇരുന്നും, കിടന്നും, വാഹനത്തിലേറിയും, കാൽനടയായും എല്ലാ അവസ്ഥയിലും അത് പാരായണം ചെയ്യുമായിരുന്നു.
തബൂക്കിൽ എത്തിയ ശേഷം നബിതിരുമേനി (സ) യാത്ര പുരോഗമിക്കുന്നതിനെക്കുറിച്ച് സ്വഹാബിമാരുമായി കൂടിയാലോചന നടത്തി. ഹദ്റത്ത് ഉമർ (റ) അപേക്ഷിച്ചു: യാ റസൂലല്ലാഹ് (സ), റോമക്കാരുടെ അടുത്ത് ധാരാളം സൈന്യങ്ങളുണ്ട്. അവരിൽ ഇസ്‌ലാമിൽപ്പെട്ട ആരുമില്ല. നമ്മൾ അവരുടെ അടുത്തേക്ക് വന്നിരിക്കുന്നു. അക്കാര്യം തന്നെ അവരെ ഭയപ്പെടുത്തിയിരിക്കുന്നു. നമുക്ക് ഈ വർഷം തിരിച്ചുപോകാം, എന്നിട്ട് എന്തെങ്കിലും ഒരു അഭിപ്രായം ഉണ്ടാകുന്നതുവരെയോ അല്ലെങ്കിൽ അല്ലാഹു ഒരു സാഹചര്യം ഒരുക്കുന്നതുവരെയോ കാത്തിരിക്കാം. എന്തായാലും, ഇത് കേട്ട ശേഷം റസൂലുല്ലാഹ്(സ) ഇരുപത് ദിവസം തബൂക്കിൽ താമസിച്ചു. മറ്റൊരു അഭിപ്രായമനുസരിച്ച്, ഇരുപത് ദിവസത്തിൽ താഴെയാണ് അവിടുന്ന് തബൂക്കിൽ താമസിച്ചത്. മദീനയിലേക്കുള്ള മടക്ക യാത്രയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇൻ ശാഅല്ലാഹ് പിന്നീടു വിവരിക്കുന്നതാണ്. ബംഗ്ലാദേശിനെക്കുറിച്ച് ഞാൻ നേരത്തെയും പ്രാർഥിക്കാൻ പറഞ്ഞിരുന്നു. അവിടെ അഹ്മദിയ്യത്തിനെ എതിർക്കുന്ന വിഭാഗം വലിയ കോലാഹലം സൃഷ്ടിക്കുകയാണ്. അല്ലാഹു തആലാ ഓരോ അഹ്മദിയെയും സംരക്ഷിക്കുകയും അവരുടെ ഉപദ്രവത്തിൽ നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യട്ടെ.
അതുപോലെ പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടിയും പ്രാർഥിക്കുക. അല്ലാഹു അവരെയും സംരക്ഷിക്കട്ടെ. തീർച്ചയായും കൂടുതൽ പ്രാർഥനകൾ ആവശ്യമാണ്. അതുപോലെ, പലസ്തീനുകാർക്ക് വേണ്ടിയും പ്രാർഥിക്കുക. കരാറുകളും വെടിനിർത്തലും

ഉണ്ടായിട്ടും അവരുടെ കൂട്ടക്കൊല തുടരുകയാണ്. അല്ലാഹു തആലാ കരുണ ചൊരിയട്ടെ. അതുപോലെ, ആഫ്രിക്കയിലെ അഹ്മദികൾക്ക് വേണ്ടിയും പ്രാർഥിക്കുക. അവിടെ ചില സ്ഥലങ്ങളിൽ ഭരണകൂടങ്ങൾ അവരെ പീഡിപ്പിക്കുന്നു. തീവ്രവാദികൾ വിവിധ സ്ഥലങ്ങളിൽ ആക്രമണം നടത്തുന്നു. ചിലപ്പോൾ അഹ്മദികളുംഅതിന്റെഇരയാകുന്നു.അല്ലാഹു ലോകമെമ്പാടും സമാധാനവും സുരക്ഷയും നിലനിർത്തുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് ഖുതുബയുടെ അവസാനത്തിൽ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മകൻ മുഹമ്മദ് ഹുസൈൻ സാഹിബിനെ (റബ്‌വ) അനുസ്മരിക്കുകയും മർഹൂമിന്റെ ജനാസ നമസ്കാരം നിർവഹിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും അദ്ദേഹത്തിന് അല്ലാഹു മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യാൻ ദുആ ചെയ്യുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 14.11.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516